ടി.കെ ഉബൈദ്



സൂറ - 45

# അൽ ജാഥിയഃ

## സൂക്തം 05-06

സ്വാർഥ താൽപര്യങ്ങളും മുൻവിധികളുമില്ലാതെ പ്രാപഞ്ചിക പ്രതിഭാസങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് അവയ്ക്കു പിന്നിൽ സർവജ്ഞനായ സ്രഷ്ടാവുണ്ടെന്ന് അനായാസം മനസ്സിലാകും. എന്നാൽ നേരത്തെ തന്നെ, പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവത്തെ നിഷേധിച്ചുകൊണ്ട് പ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നവർ എത്ര വലിയ ധിഷണാ ശാലികളായ വിദ്വാന്മാരായാലും പ്രതിഭാസങ്ങളുടെ ഘടനയും പ്രകൃതിയും പ്രവർത്തന ക്രമവും മാത്രമേ കാണൂ.

وَٱخۡتِلَٰفِ ٱلَّيۡلِ وَٱلنَّهَارِ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزۡقٖ فَأَحۡيَا بِهِ ٱلۡأَرۡضَ
بَعۡدَ مَوۡتِهَا وَتَصۡرِيفِ ٱلرِّيَٰحِ ءَايَٰتٞ لِّقَوۡمٖ يَعۡقِلُونَ ٥

*5*

*രാപ്പകൽ ഭേദത്തിലും അല്ലാഹു മാനത്തുനിന്ന് ഇറക്കിത്തരുന്ന ആഹാരത്തിലും, മൃതമായിക്കിടന്ന ഭൂമിയെ അതുവഴി സജീവമാക്കുന്നതിലും കാറ്റുകൾ കറക്കിക്കൊണ്ടിരിക്കുന്നതിലുമൊക്കെ ബുദ്ധിപൂർവം ഗ്രഹിക്കുന്ന ജനത്തിന് മഹത്തായ ദൃഷ്ടാന്തങ്ങളുണ്ട്.*

| | |
|---|---|
| രാപ്പകൽ ഭേദത്തിലും | وَاخْتِلَافِ اللَّيْلِ وَالنَّهَارِ |
| അല്ലാഹു മാനത്തുനിന്ന് ഇറക്കിത്തന്നതിലും | وَمَا أَنزَلَ اللَّهُ مِنَ السَّمَاءِ |
| ആഹാരത്താൽ | مِن رِّزْقٍ |
| ഭൂമിയെ അത് മരിച്ചശേഷം അതുകൊണ്ട് അവൻ ജീവിപ്പിച്ചു (മൃതമായിക്കിടന്ന ഭൂമിയെ അതുവഴി സജീവമാക്കുന്നതിലും) | فَأَحْيَا بِهِ الْأَرْضَ بَعْدَ مَوْتِهَا |
| കാറ്റുകളുടെ തിരിച്ചു മറിക്കലിലും (കാറ്റുകൾ കറക്കിക്കൊണ്ടിരിക്കുന്നതിലും) | وَتَصْرِيفِ الرِّيَاحِ |
| (ഒക്കെ) ബുദ്ധിപൂർവം ഗ്രഹിക്കുന്ന ജനത്തിന് മഹത്തായ ദൃഷ്ടാന്തങ്ങളുണ്ട് | آيَاتٌ لِّقَوْمٍ يَعْقِلُونَ |

اخْتِلَافِ اللَّيْلِ وَالنَّهَارِ-ന് രണ്ട് ആശയങ്ങളുണ്ട്: 1) രാവും പകലും ഒന്നിനു പിറകെ മറ്റൊന്നായി മാറി മാറി ഉളവായിക്കൊണ്ടിരിക്കൽ. 2) വർഷത്തിലെ വിവിധ നാളുകളിലും ഭൂമിയുടെ

വിവിധ മേഖലകളിലും, രാവിന്റെയും പകലിന്റെയും സമയ ദൈർഘ്യത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾ. ചില കാലങ്ങളിൽ പകൽ പതിനാല് മണിക്കൂറായി വരെ വർധിക്കുകയും രാത്രി പത്ത് മണിക്കൂറായി ചുരുങ്ങുകയും ചെയ്യുന്നു. ചില കാലങ്ങളിൽ നേരെ മറിച്ചും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയുടെ ഒരു വശത്തുള്ളവർക്ക് മധ്യാഹ്നമാകുമ്പോൾ മറുവശത്തുള്ളവർക്ക് അർധരാത്രിയാകുന്നു എന്നതും രാപ്പകൽ വ്യത്യാസത്തിന്റെ ഒരു രൂപമാകുന്നു. ധ്രുവപ്രദേശങ്ങളിൽ രാപ്പകൽ വ്യത്യാസം വളരെ വിപുലമാകുന്നു. അവിടെ ചിലപ്പോൾ രാവും പകലും ആഴ്ചകളോളം നീണ്ടുനിൽക്കുകയും ഏതാനും മണിക്കൂറുകളോളം ചുരുങ്ങുകയും ചെയ്യുന്നു. ഇതിനെക്കാൾ അത്ഭുതകരമാകുന്നു ഭൗമേതര ഗ്രഹങ്ങളിലെ രാപ്പകൽ വ്യത്യാസം. ഭൂമി അതിന്റെ അച്ചുതണ്ടിൽ ഒരു കറക്കം പൂർത്തിയാക്കുന്നതാണല്ലോ ഭൂമിയിലെ ഒരു ദിവസം. ഭൂമി ഒരു വട്ടം സൂര്യപ്രദക്ഷിണം പൂർത്തിയാക്കുന്നത് ഒരു വർഷവും. മറ്റു ഗ്രഹങ്ങളുടെ ഈ രണ്ടു കറക്കത്തിന്റെ വേഗത വ്യത്യസ്തമാകുന്നു. ശുക്രഗ്രഹത്തിന്റെ ഒരു ദിവസം ഒരു വർഷത്തോളം നീണ്ടതാണ്. ഭൂമിയുടെ 244 ദിവസമാണ് ശുക്രന്റെ ഒരു ദിവസം. ഭൂമിയിലെ 225 ദിവസം കൊണ്ട് ശുക്രന്റെ ഒരു വർഷം പൂർത്തിയാവുകയും ചെയ്യും. ഭൂമി അടക്കമുള്ള ഗോളങ്ങളുടെ ഭ്രമണവേഗതയുടെയും അതിനെടുക്കുന്ന സമയപരിമാണത്തിന്റെയും കൃത്യത അത്ഭുതകരമാണ്. അതെക്കുറിച്ച് ആഴത്തിൽ ആലോചിക്കുന്ന ധിഷണാശാലികൾ അതിനു പിന്നിൽ ആസൂത്രണ പടുവായ ഒരു സ്രഷ്ടാവിനെ കണ്ടെത്തുക തന്നെ ചെയ്യും. സാധാരണക്കാർക്ക് അത്ര ആഴത്തിൽ ചിന്തിക്കാൻ കഴിയണമെന്നില്ല. എന്നാൽ, രാപ്പകൽ ഭേദം എന്ന അനുഭവം അവർക്കും ഏറെ പാഠങ്ങൾ നൽകുന്നുണ്ട്. പക്ഷേ, അധികമാളുകളും ആ നിത്യാനുഭവത്തിന്റെ പ്രാധാന്യവും പ്രയോജനവും അതിലടങ്ങിയ ദൈവിക യുക്തിയും ആലോചിക്കുന്നില്ല. അതൊക്കെ പരിഗണിക്കുന്നവരിൽ ചിലരാവട്ടെ സൂര്യ-ചന്ദ്ര-നക്ഷത്രാദികളെത്തന്നെ ദൈവങ്ങളായി കരുതി ആരാധിക്കുകയും ചെയ്യുന്നു. അവരോട് അല്ലാഹു പറയുന്നു:

وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ

(രാപ്പകലുകളും സൂര്യചന്ദ്രന്മാരും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാകുന്നു. സൂര്യനെയും ചന്ദ്രനെയും ആരാധിക്കാതിരിക്കുവിൻ. അവനെ സൃഷ്ടിച്ച അല്ലാഹുവിനെ ആരാധിക്കുവിൻ; നിങ്ങൾ അല്ലാഹുവിനെത്തന്നെയാണ് ആരാധിക്കുന്നതെങ്കിൽ - 41:37).

രാപ്പകൽ ഭേദം പോലെ തന്നെ അനേകം അമൂല്യമായ അനുഗ്രഹങ്ങളും ദൃഷ്ടാന്തങ്ങളും വഹിക്കുന്നതാണ് മാനത്തുനിന്നു പെയ്തിറങ്ങുന്ന മഴയും. മഴ പെയ്തിറങ്ങുന്നതിനെ مَا أَنزَلَ اللَّهُ مِنَ السَّمَاءِ مِن رِّزْقٍ എന്നാണവതരിപ്പിച്ചിരിക്കുന്നത്. ആഹാരം ഉദ്ദേശിച്ചും മനുഷ്യജീവിതത്തിനാവശ്യമായ വിഭവങ്ങൾ പൊതുവായി ഉദ്ദേശിച്ചും رزق ഉപയോഗിക്കും. ഇവിടെ ആഹാരം എന്ന അർഥമാണ് വ്യാഖ്യാതാക്കളധികവും സ്വീകരിച്ചിട്ടുള്ളത്. ജലം സ്വയം തന്നെ അതിപ്രധാനമായ ആഹാരമാണ്. ഒരു ജന്തുവിനും ജലമില്ലാതെ ജീവിക്കാനാവില്ല. കൂടാതെ മറ്റു ഭക്ഷ്യപദാർഥങ്ങൾ ഉൽപാദിപ്പിക്കാനും ആവശ്യമായ ഉപയോഗ വസ്തുക്കളുണ്ടാക്കാനും ജലം കൂടിയേ തീരൂ. ഈ വീക്ഷണത്തിൽ മഴയിലൂടെ ഇറങ്ങിക്കൊണ്ടിരിക്കുന്നത് സാക്ഷാൽ ആഹാരവും പിന്നെ ഇതര ജീവിത വിഭവങ്ങളും തന്നെയാണ്. ജലമാണ് മൃതമായി കിടക്കുന്ന ഭൂമിയെ സജീവമാക്കുന്നതും അതിൽ വൈവിധ്യമാർന്ന ധാന്യങ്ങളും ഫലങ്ങളും ഉളവാക്കുന്നതും. സദാ അടിച്ചുവീശിക്കൊണ്ടിരിക്കുന്ന കാറ്റിലുമുണ്ട് പല ദൃഷ്ടാന്തങ്ങൾ. കാറ്റ് വെറുതെ ചലിക്കുകയല്ല. അല്ലാഹു അതിനെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറ്റിമറിച്ചു നീക്കിക്കൊണ്ടിരിക്കുകയാണ്. تَصْرِيفِ الرِّيَاحِ എന്നാണ് മൂലവാക്ക്. ഒരു വസ്തുവിനെ ഒരു ദിശയിൽനിന്നു മറ്റൊരു ദിശയിലേക്ക് തിരിക്കലും, സ്വഭാവത്തിലും പ്രവർത്തനത്തിലും മാറ്റം വരുത്തലുമാണ് -تَصْرِيف. പടിഞ്ഞാറോട്ട് വീശിക്കൊണ്ടിരിക്കുന്ന കാറ്റിനെ തെക്കോട്ടോ വടക്കോട്ടോ കിഴക്കോട്ടോ തിരിക്കുന്നതാണ് ഒരു വക تَصْرِيف. ഇളം കാറ്റിനെ ശക്തമായ കാറ്റും കൊടുങ്കാറ്റുമാക്കുന്നതും ചുടുകാറ്റോ ശീതക്കാറ്റോ പൊടിക്കാറ്റോ ആക്കുന്നതും تَصْرِيف -ന്റെ മറ്റിനങ്ങളാണ്. ഭൂമിയിലെ ഉത്തുംഗ സ്തൂപങ്ങളും അംബര ചുംബികളായ സൗധങ്ങളും നിലനിർത്തുന്നത് അതിന്റെ നാലുപാടും നിറഞ്ഞുനിൽക്കുന്ന വായുവാണ്. ഏതെങ്കിലും ഒരുവശം വായു ശൂന്യമായാൽ അവ ആ

**മഴയിലൂടെ ഇറങ്ങിക്കൊണ്ടിരിക്കുന്നത് സാക്ഷാൽ ആഹാരവും പിന്നെ ഇതര ജീവിത വിഭവങ്ങളുമാണ്. ജലമാണ് മൃതമായി കിടക്കുന്ന ഭൂമിയെ സജീവമാക്കുന്നതും അതിൽ വൈവിധ്യമാർന്ന ധാന്യങ്ങളും ഫലങ്ങളും ഉളവാക്കുന്നതും.**

വശത്തേക്ക് തകർന്നുവീഴും. ഈ മാറിമറിഞ്ഞുകൊണ്ടുള്ള സഞ്ചാരമാണ് മേഘങ്ങളെ ചലിപ്പിക്കുന്നതും ഉദ്ദിഷ്ട സ്ഥലങ്ങളിലെത്തിച്ച് മഴ പെയ്യിക്കുന്നതും. മനുഷ്യർ പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന യാഥാർഥ്യങ്ങളാണിതൊക്കെ. അതിലപ്പുറം ഇതിലൊക്കെ ബുദ്ധി വൈഭവമുള്ള വിദ്വാന്മാർക്ക് സവിശേഷമായി കണ്ടെത്താവുന്ന ദൃഷ്ടാന്തങ്ങൾ വേറെയുമുണ്ട്. സാമാന്യ ബുദ്ധിയായാലും അസാമാന്യ ബുദ്ധിയായാലും മുൻവിധികളും വക്രതയുമില്ലാതെ അന്വേഷിച്ചാലേ യാഥാർഥ്യങ്ങളിലെത്തിച്ചേരൂ.

ഈ സൂക്തങ്ങളിൽ ദൃഷ്ടാന്തങ്ങൾ പ്രയോജനപ്പെടുത്തുന്നവരെ **لَآيَاتٌ لِّقَوْمٍ يَعْقِلُونَ** **لقوم يُوقِنُون - للمؤمنين** - എന്നിങ്ങനെ മൂന്നു വിശേഷണങ്ങളിലൂടെ സൂചിപ്പിച്ചിരിക്കുന്നു. ഖുർആൻ വിജ്ഞാനികളുടെ വീക്ഷണത്തിൽ പഠിതാക്കളുടെ മുന്നവസ്ഥകൾ ക്രമപ്രകാരം പറഞ്ഞിരിക്കുകയാണത്.

ഇമാം സ്വാവി പറഞ്ഞു: ഈ വചന വൈവിധ്യത്തിന്റെ ന്യായമിതാണ്: ആകാശ ഭൂമികളിൽ നിരീക്ഷണം നടത്തുന്നവൻ അവയ്ക്ക് ഒരു നിർമാതാവുണ്ടെന്ന് മനസ്സിലാക്കി സത്യവിശ്വാസിയായിത്തീരുന്നു. അയാൾ സ്വന്തം അസ്തിത്വത്തിലും അതുപോലുള്ള പ്രതിഭാസങ്ങളിലും നിരീക്ഷണം നടത്തിയാൽ ഈമാൻ വർധിക്കുകയും ദൃഢബോധ്യം -**يَقِين**- ആവുകയും ചെയ്യുന്നു. എല്ലാ പ്രാപഞ്ചിക പ്രതിഭാസങ്ങളും ആഴത്തിൽ നിരീക്ഷിക്കുന്നവരുടെ ഗ്രാഹ്യത പൂർണമാവുകയും ജ്ഞാനം ഭദ്രമാവുകയും ചെയ്യുന്നു. (അൽകശ്ശാഫിൽനിന്ന് *തഫ്സീറുൽ മുനീർ* ഉദ്ധരിച്ചത്). ഇമാം റാസി ഈ വൈവിധ്യത്തെ വിശദീകരിച്ചതിങ്ങനെ: നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ ഈ തെളിവുകൾ ഗ്രഹിച്ചുകൊള്ളുക. സത്യവിശ്വാസികളല്ലാത്തവരും സത്യവും ഉത്തമ ബോധ്യവും നേടുന്നവരാണെങ്കിൽ ഈ തെളിവുകൾ ഗ്രഹിച്ചുകൊള്ളട്ടെ. നിങ്ങൾ വിശ്വാസികളും ദൃഢബോധ്യമുള്ളവരും (**موقنين**) അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം, സാമാന്യ ബുദ്ധികളെങ്കിലും ആണെങ്കിൽ ഈ തെളിവുകൾ തിരിച്ചറിയാൻ പ്രയത്നിക്കണം. ●

**ഭൂമിയിലെ ഉത്തുംഗ സ്തൂപങ്ങളും അംബര ചുംബികളായ സൗധങ്ങളും നിലനിർത്തുന്നത് അതിന്റെ നാലുപാടും നിറഞ്ഞുനിൽക്കുന്ന വായുവാണ്. ഏതെങ്കിലും ഒരുവശം വായു ശൂന്യമായാൽ അവ ആ വശത്തേക്ക് തകർന്നുവീഴും.**

تِلْكَ ءَايَٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۖ فَبِأَىِّ حَدِيثٍۭ بَعْدَ ٱللَّهِ وَءَايَٰتِهِۦ يُؤْمِنُونَ ﴿٦﴾

6

*ഇവ യഥാവിധം നാം നിങ്ങൾക്ക് ഓതിത്തരുന്ന ദൈവദൃഷ്ടാന്ത സൂക്തങ്ങളാകുന്നു. അല്ലാഹുവിനും അവന്റെ സൂക്തങ്ങൾക്കും ശേഷം മറ്റ് ഏതൊരു ആഖ്യാനമാണവർ സ്വീകരിക്കുക?!*

| | |
|---|---|
| അ(ഇ)വ | تِلْكَ |
| നാം നിനക്ക് ഓതിത്തരുന്ന അല്ലാഹുവിന്റെ (ദൈവ ദൃഷ്ടാന്ത) സൂക്തങ്ങളാകുന്നു | آيَاتُ اللَّهِ نَتْلُوهَا عَلَيْكَ |
| സത്യംകൊണ്ട് (യഥാവിധം) | بِالْحَقِّ |
| (മറ്റ്) ഏതൊരു ആഖ്യാനം, ഭാഷണം ആണ്? | فَبِأَيِّ حَدِيثٍ |
| അല്ലാഹുവിനും അവന്റെ സൂക്തങ്ങൾക്കും ശേഷം | بَعْدَ اللَّهِ وَآيَاتِهِ |
| അവർ വിശ്വസിക്കു(ക)ന്നത് | يُؤْمِنُونَ |

**ആ** ദൃഷ്ടാന്തങ്ങൾ -تِلْكَ آيَاتُ- എന്നു പറയുന്നത് സൂറ ഇതുവരെ പ്രതിപാദിച്ച പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളാണ്. അവയൊക്കെയും അല്ലാഹുവിന്റെ ഏകത്വത്തെയും പരമാധികാരത്തെയും സർവജ്ഞതയെയും വിളിച്ചോതുന്നതാകുന്നുവെന്നാണ് آيَاتُ اللَّهِ എന്ന പ്രയോഗത്തിന്റെ താൽപര്യം. ആ പ്രതിഭാസങ്ങളും അവയുടെ ദൃഷ്ടാന്തത വിവരിച്ചു തരുന്ന സൂ

ക്തങ്ങളും آيَات- ദൃഷ്ടാന്തങ്ങൾ- ആകുന്നു. ആ ദൃഷ്ടാന്ത സൂക്തങ്ങൾ അല്ലാഹു പ്രവാചകനെ ഓതിക്കേൾപ്പിക്കുകയാണ് نَتْلُوهَا عَلَيْكَ. അത് بِالْحَقّ ആയിട്ടാണ് ഓതിത്തരുന്നത്. വിപുലമായ ആശയ മാനങ്ങളുള്ള പദമാണ് الحقّ എന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. യഥാവിധം എന്ന അർഥമാണ് ഈ സന്ദർഭത്തിൽ ഏറെ യോജിക്കുക. അതായത്, അല്ലാഹു ഓതിത്തരുന്ന സൂക്തങ്ങൾ തികഞ്ഞ സത്യമാണ്. അതിൽ അവ്യക്തതയില്ല, വളവു തിരിവുകളില്ല. മാറ്റമില്ലാതെ നിലനിൽക്കുന്ന ശാശ്വത സത്യമാണത്. അല്ലാഹു ഏകനും സർവശക്തനുമാണെന്ന നിത്യസത്യം ചൂണ്ടിക്കാണിച്ചു തരുന്ന വിധത്തിൽ എന്നും بالحقّ-ന് അർഥം കൽപിക്കപ്പെട്ടിരിക്കുന്നു. സ്വാർഥ താൽപര്യങ്ങളും മുൻവിധികളുമില്ലാതെ പ്രാപഞ്ചിക പ്രതിഭാസങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് അവയ്ക്കു പിന്നിൽ സർവജ്ഞനായ സ്രഷ്ടാവുണ്ടെന്ന് അനായാസം മനസ്സിലാകും. എന്നാൽ നേരത്തെ തന്നെ, പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവത്തെ നിഷേധിച്ചുകൊണ്ട് പ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നവർ എത്ര വലിയ ധിഷണാ ശാലികളായ വിദ്വാന്മാരായാലും പ്രതിഭാസങ്ങളുടെ ഘടനയും പ്രകൃതിയും പ്രവർത്തന ക്രമവും മാത്രമേ കാണൂ. ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്നതിനാൽ രാപ്പകലുകളുണ്ടാകുന്നു. സൂര്യതാപത്താൽ കടൽ ജലം ആവിയായി മേലോട്ടുയർന്ന് മേഘമായി ഘനീഭവിക്കുന്നു. കാറ്റുകൾ മേഘങ്ങളെ ചലിപ്പിക്കുന്നു. മലകൾ അവയെ തടഞ്ഞ് തണുപ്പിക്കുമ്പോൾ മഴവെള്ളമായി താഴോട്ടു വീഴുന്നു. അതിലപ്പുറം ഒന്നുമില്ല. ഈ ജലവും മലയും നിർമിച്ച ശക്തിയെ, കടലും നീരാവിയും മേഘവും വായുചലനവും മഴപ്പെയ്ത്തും യുക്തിപൂർവം ആസൂത്രണം ചെയ്ത് സംവിധാനിച്ച വിധാതാവിനെ അവർ അന്വേഷിക്കുന്നില്ല; അറിയുന്നുമില്ല. അങ്ങനെ ഒരാസൂത്രകനും നിർമാതാവും ഇല്ല. എല്ലാം യാദൃഛികമായി സംഭവിക്കുന്നതാണത്രെ. പ്രപഞ്ചമാകുന്ന മഹായന്ത്രത്തിന്റെ കാര്യത്തിൽ മാത്രമേ ഈ യാദൃഛികതയുള്ളൂ. ചുമരിൽ തൂങ്ങുന്ന ഘടികാരം സമയം കൃത്യമായി അളന്ന് അടയാളപ്പെടുത്തുകയും മണിയടിച്ച് നമ്മെ ഓർമിപ്പിക്കുകയും ചെയ്യുന്നു. ഘടികാരത്തിനകത്തുള്ള സ്പ്രിംഗുകളുടെയും ചക്രങ്ങളുടെയും പെൻഡുലത്തിന്റെയും പ്രവർത്തനഫലമാണ് സമയമാപനമെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ഘടികാര ഘടകങ്ങളും അതിന്റെ പ്രവർത്തന ക്രമവും യാദൃഛികമായി സംഭവിച്ചതാണെന്ന്, അതിനൊരു നിർമാതാവില്ലെന്ന് പറഞ്ഞാൽ അപ്പറഞ്ഞവന് ശുദ്ധ ഭ്രാന്താണെന്ന് ഏതു നാസ്തികനും ഉറപ്പിച്ചു പറയും.

പ്രപഞ്ചവിധാതാവായ അല്ലാഹുവാണ് നിങ്ങളോട് സംസാരിക്കുന്നത്. അവനെയും അവന്റെ പ്രപഞ്ചത്തെയും, അവൻ പറയുന്ന സത്യങ്ങളും കാണിച്ചു തരുന്ന സാക്ഷ്യങ്ങളും നിഷേധിച്ചിട്ട് പിന്നെ ആരുടെ, ഏത് ആഖ്യാനമാണ് നിങ്ങൾക്ക് സ്വീകരിക്കാനുള്ളത്? പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും യാഥാർഥ്യത്തെക്കുറിച്ച് അവനെക്കാൾ ആധികാരികമായി പറഞ്ഞുതരാൻ കഴിവുള്ളവരാരുണ്ട്? ആരുമില്ല. ഈ വെളിച്ചത്തിനു നേരെ കണ്ണു തുറക്കാൻ കൂട്ടാക്കാത്തവർ കൂരിരുട്ടിലകപ്പെടാൻ വിധിക്കപ്പെട്ടിരിക്കുന്നു. ●

**പ്രപഞ്ചവിധാതാവായ അല്ലാഹുവാണ് നിങ്ങളോട് സംസാരിക്കുന്നത്. അവനെയും അവന്റെ പ്രപഞ്ചത്തെയും, അവൻ പറയുന്ന സത്യങ്ങളും കാണിച്ചു തരുന്ന സാക്ഷ്യങ്ങളും നിഷേധിച്ചിട്ട് പിന്നെ ആരുടെ, ഏത് ആഖ്യാനമാണ് നിങ്ങൾക്ക് സ്വീകരിക്കാനുള്ളത്?**

## WANTED PRINCIPAL

Wanted experienced and vibrant Principal for a reputed Self-financing college at Palakkad

**Qualification: PG and NET in any discipline with 10 years teaching experience. Preference for PhD candidates**

Interested candidates may rush their detailed CV to mrafih@gmail.com on or before 10th June 2023

**Ph.9847857029**